## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2544** **15-10-2024 - ൽ മറുപടിയ്ക്ക്**

## കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകളിലെ ഒഴിവുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികകളിലെ എത്ര ഒഴിവുകളാണ് കേരള പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും അതിൽ എത്ര നിയമനങ്ങളാണ് നടന്നിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ഇ.ബി ലിമിറ്റഡിൽ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ 217 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൽ 217 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ ഒഴിവുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ബി) | കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികകളുടെ ഡയറക്ട്, ഇൻ സർവീസ് റിക്രൂട്ട്മെന്റ് ക്വാട്ടകളിൽ എത്ര ഒഴിവുകൾ വീതം നിലവിലുണ്ടെന്നും പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ ആയതിന്റെ കാരണം എന്തെന്നും വിശദമാക്കാമോ; | (ബി) | ഏറ്റവും മിതമായ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ എണ്ണം 30321-ലേയ്ക്ക് നിജപ്പെടുത്തണമെന്ന കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റേയും സംസ്ഥാന സർക്കാരിന്റേയും നിർദ്ദേശമനുസരിച്ച് കെ.എസ്.ഇ.ബി ലിമിറ്റഡിൽ പുനഃസംഘടനാ നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ആയവ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ നിലവിലെ തസ്തികകളുടെ അംഗീകൃത എണ്ണം തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് പുതിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നമെന്ന് കെ.എസ്.ഇ.ബി. ലിമിറ്റഡ് അറിയിച്ചിട്ടുണ്ട്. |
| (സി) | കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകാൻ യോഗ്യരായ എത്ര പേർ നിലവിൽ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയുടെ ഫീഡർ തസ്തികകളിലുണ്ടെന്ന് വിശദമാക്കാമോ; | (സി) | കെ.എസ്.ഇ.ബി ലിമിറ്റഡിൽ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ സ്ഥാനക്കയറ്റം നൽകാൻ യോഗ്യരായ ഫീഡർ തസ്തികയിലുള്ള ജീവനക്കാരുടെ വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു. |
| (ഡി) | കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേക്ക് ഇൻ സർവീസ് റിക്രൂട്ട്മെന്റ് വഴി നിയമനം നൽകാൻ മതിയായ വിദ്യാഭ്യാസ യോഗ്യതയുള്ള എത്ര പേരാണ് പ്രസ്തുത തസ്തികയുടെ താഴെയുള്ള തസ്തികകളിൽ നിലവിലുള്ളതെന്ന് വിശദമാക്കാമോ; | (ഡി) | കെ.എസ്.ഇ.ബി ലിമിറ്റഡിൽ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ സ്ഥാനക്കയറ്റം നൽകാൻ യോഗ്യരായ ഫീഡർ തസ്തികയിലുള്ള ജീവനക്കാരുടെ വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഇ) | 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസി ആക്റ്റ് പ്രകാരം കഴിഞ്ഞ അഞ്ച് വർഷത്തിൽ കെ.എസ്.ഇ.ബി. യിൽ നിന്ന് ഏതൊക്കെ തസ്തികകളിൽ, എത്ര ഒഴിവുകൾ വീതം ഏതൊക്കെ തീയതികളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ഇ) | കെ.എസ്.ഇ.ബി ലിമിറ്റഡിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണവും തീയതിയും **അനുബന്ധമായി** ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**കെ.എസ്.ഇ.ബി ലിമിറ്റഡിൽ കഴിഞ്ഞ അഞ്ച് വർഷത്തിൽ നിന്നും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണവും തീയതിയും**

| **തസ്തിക** | **ഒഴിവുകളുടെ എണ്ണം** | **റിപ്പോർട്ട് ചെയ്ത തീയതി** |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) | 35<br>29<br>29<br>59 | 01.11.2019<br>12.01.2021<br>25.02.2021<br>09.02.2022 |
| അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 69<br>169<br>11 | 07.03.2019<br>27.12.2019<br>28.12.2019 |
| സബ് എഞ്ചിനീയർ (സിവിൽ) | 15 | 27.08.2020 |
| സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 131<br>70 | 24.06.2021<br>16.06.2022 |
| കാഷ്യർ | 103<br>11<br>29 | 07.12.2019<br>05.05.2020<br>27.11.2021 |
| മീറ്റർ റീഡർ | 218<br>45 | 20.10.2020<br>27.02.2024 |
| ഡിവിഷണൽ അക്കൗണ്ടസ് ഓഫീസർ | 03 | 31.03.2022 |
| **ആകെ** | **1026** | |

സെക്ഷൻ ഓഫീസർ